## ബഹു.മുഖ്യമന്ത്രിയുടെ കോവിഡ് 19 പ്രതിദിന വാർത്താ സമ്മേളനത്തിന്റെ മിനിറ്റ്സ്

**2020 ഏപ്രിൽ 20, വൈകുന്നേരം 4.00 മണി**

കോൺഫറൻസ് ഹാൾ

യോഗത്തിൽ പങ്കെടുത്തവരുടെ പേര് അനുബന്ധം 1 ആയി ചേർക്കുന്നു.

### ബഹു. ആരോഗ്യവകുപ്പ് മന്ത്രി

കേരളത്തിൽ ഇന്ന് 6 പേർക്ക് രോഗം സ്ഥിരീകരിച്ചു. കണ്ണൂർ ജില്ലയിൽ നിന്നും 6 പേർക്ക് ആണ് രോഗബാധ സ്ഥിരീകരിച്ചത് എന്ന് ബഹുമാനപ്പെട്ട മന്ത്രി അറിയിച്ചു. കേരളത്തിൽ ഇന്ന് 21 പേരുടെ പരിശോധനാഫലം നെഗറ്റീവ് ആയിട്ടുണ്ട്. കാസർഗോഡ് ജില്ലയിൽ നിന്നും 19 ( കണ്ണൂർ ജില്ലയിൽ ചികിത്സയിലായിരുന്ന 2 പേർ) പേരുടെയും, ആലപ്പുഴ ജില്ലയിൽ നിന്നും 2 പേരുടേയും പരിശോധനാഫലമാണ് നെഗറ്റീവ് ആയത്. രോഗം സ്ഥിരീകരിച്ച് 114 പേർ നിലവിൽ ആശുപത്രികളിൽ ചികിത്സയിലാണ്. ഇന്ന് 213 രാജ്യങ്ങളിൽ കോവിഡ് കേസ്സുകൾ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്. ഇന്ന് കേരളത്തിലാകമാനം 46323 പേർ നിരീക്ഷണത്തിലാണ്. ഇതിൽ 45925 പേർ വീടുകളിലും 398 പേർ ആശുപത്രികളിലുമാണ്. ഇതുവരെ 19756 സാമ്പിളുകൾ പരിശോധിച്ചതിൽ 19074 സാമ്പിളുകൾ നെഗറ്റീവ് ആണ്. അതിനുശേഷം പ്രിൻസിപ്പൽ സെക്രട്ടറിയോട് പ്രവർത്തനങ്ങളുടെ വിശദാംശങ്ങൾ പറയാൻ ആവശ്യപ്പെട്ടു.

### പ്രിൻസിപ്പൽ സെക്രട്ടറി (ആരോഗ്യം)

ലോകത്താകമാനം 22,45,872 കേസ്സുകളും, 1,52,707 മരണവും റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഇന്ത്യയിൽ 17,264 കേസ്സുകളും, 543 മരണവുമാണ് റിപ്പോർട്ട് ചെയ്തിട്ടുള്ളത്. ഇന്ത്യയിൽ ഇന്ന് 1,552 പുതിയ കേസ്സുകളും, 63 മരണവുമാണ് റിപ്പോർട്ട് ചെയ്തിട്ടുള്ളത്. നിരീക്ഷണത്തിലുള്ളവരുടെ ജില്ലതിരിച്ചുള്ള കണക്കും, വീടുകളിലും, ആശുപത്രിയിലും നിരീക്ഷണത്തിലുള്ളവരുടെ ജില്ലതിരിച്ചുള്ള വിശദാംശങ്ങളും അദ്ദേഹം യോഗത്തെ അറിയിച്ചു. ടെസ്റ്റിംഗ് സെന്ററുകളുടെ ജില്ലതിരിച്ചുള്ള വിഭജനവും, ലാബുകളിൽ നിലവിലെ സംവിധാനത്തിൽ ചെയ്യാൻ കഴിയുന്ന ടെസ്റ്റുകളുടെ കണക്കും അറിയിച്ചു. ഇപ്പോൾ ചികിത്സയിലുള്ള രോഗികളുടെയും, രോഗം ഭേദമായവരുടേയും ആരോഗ്യനിലയെക്കുറിച്ചുള്ള വിശകലനവും നടത്തി. രോഗം സ്ഥിരീകരിച്ചവരുടെ പഞ്ചായത്ത് തിരിച്ചുള്ള വിവരങ്ങളും അവതരിപ്പിച്ചു. പ്രാഥമിക സമ്പർക്കമുള്ള സംസ്ഥാനത്തെ 20 പഞ്ചായത്തുകളുടെ വിവരവും അവതരിപ്പിച്ചു. ഐ സി എം ആർ അനുമതി ലഭിച്ച എറണാകുളം മെഡിക്കൽ കോളേജ് ലാബും ടെസ്റ്റിങ്ങ് ആരംഭിച്ചു. മെഡിക്കൽ കോളേജ് കോട്ടയം, മഞ്ചേരി എന്നിവിടങ്ങളിൽ നാളെയോടെ ടെസ്റ്റിംഗ് ആരംഭിക്കും. മെഡിക്കൽ കോളേജ് കണ്ണൂർ നാളെ കൺട്രോൾ ടെസ്റ്റിംഗ് നടത്തും. ആന്റീബോഡി ടെസ്റ്റ് കിറ്റിന്റെ ഉപയോഗക്ഷമത നിർണ്ണയിക്കുന്നതിനായുള്ള പ്രവർത്തനങ്ങൾ ആരംഭി

ച്ചു. ഐ സി എ ആർ ൽ നിന്നും 12480 ആന്റീബോഡീ ടെസ്റ്റ് കിറ്റുകളാണ് ലഭിച്ചിട്ടുള്ളത്. ഇതിൽ 4500 കിറ്റുകൾ കാസർഗോഡ്, കണ്ണൂർ, കോഴിക്കോട്, മലപ്പുറം ജില്ലകളിൽ നൽകും. 7500 കിറ്റുകൾ രോഗ വ്യാപനത്തിന്റെ പഠനത്തിനായി ഉപയോഗിക്കും. നിലവിൽ 16055 ആർ എൻ എ എക്സ്ട്രാക്ഷൻ കിറ്റുകൾ സ്റ്റോക്ക് ഉണ്ട്. കൂടാതെ 2,500 കിറ്റുകൾ കൂടി ലഭ്യമാക്കാനുണ്ട്. ഇപ്പോഴത്തെ അവസ്ഥയിൽ ആർ എൻ എ എക്സ്ട്രാക്ഷൻ കിറ്റുകളുടെ കാര്യത്തിൽ ആശങ്കപ്പെടേണ്ടതില്ല. 46,802 പി സി ആർ കിറ്റുകളും സ്റ്റോക്കിൽ ഉണ്ട്. 2000 കിറ്റുകൾ വരും ദിവസങ്ങളിൽ ലഭ്യമാകുകയും ചെയ്യും. 53063 ഡാക്രോൺ സ്വാബുകൾ സ്റ്റോക്ക് ഉണ്ട്. കണ്ണൂർ, കാസർഗോഡ് ജില്ലകളിൽ നിന്ന് 386 സാമ്പിളുകൾ സാമൂഹിക നിരീക്ഷണത്തിനായി ശേഖരിച്ചിരുന്നു. ഇതിൽ 253 സാമ്പിളുകളുടെ പരിശോധനാഫലം നെഗറ്റീവാണ്. 103 സാമ്പിളുകളുടെ പരിശോധനാഫലം ലഭിക്കാനുണ്ട്.

## ചീഫ് സെക്രട്ടറി

മെഡിക്കൽ അനുബന്ധ ഉപകരണങ്ങളുടേയും ഭക്ഷ്യധാന്യങ്ങളുടേയും സ്റ്റോക്ക് സംതൃപ്തമാണ്. ചരക്ക് ലോറികളുടെ വരവിൽ ഇന്നത്തെ കണക്കനുസരിച്ച് 2388 ലോറികൾ ആണ് എത്തിയിട്ടുള്ളത്. പഞ്ചസാരയുടേയും ഉരുളകിഴങ്ങിന്റെയും സ്റ്റോക്കിൽ നേരിയ കുറവുണ്ട്. 779 ലോറികളിൽ പച്ചക്കറികൾ എത്തി. ഹോർട്ടികോർപ്പിന്റെ ആഭിമുഖ്യത്തിൽ പച്ചക്കറി വിൽപന നടക്കുന്നുണ്ട്. ഹോർട്ടികോർപ്പിന്റെ തന്നെ മാർക്കറ്റ് ഓൺ വീൽസ് എന്ന പരിപാടിയിലൂടെയും പച്ചക്കറി വിൽപന ആരംഭിച്ചിട്ടുണ്ട്. അതിഥി തൊഴിലാളികളുടെ ക്യാമ്പുകളിൽ ഭക്ഷണത്തിന് കുറവ് അനുഭവപ്പെടുന്നുണ്ടെന്ന പരാതികൾ ശ്രദ്ധയിൽപെട്ടിട്ടുണ്ട്. അതിഥി തൊഴിലാളികൾക്കായി തൊഴിൽ വകുപ്പിന്റെ കീഴിൽ കൺട്രോൾ റൂം ആരംഭിച്ചിട്ടുണ്ട്. അതിഥി തൊഴിലാളികളുടെ ഭക്ഷണ കാര്യത്തിൽ കുറവ് ഉണ്ടാകരുത് എന്ന് ജില്ലാകളക്ടർമാർക്കും, ജില്ലയിലെ തൊഴിൽ വകുപ്പ് മേധാവികൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ആലപ്പുഴ ജില്ലയിൽ രണ്ട് അതിഥി തൊഴിലാളികൾ ആത്മഹത്യ ചെയ്തു എന്ന റിപ്പോർട്ട് ലഭിച്ചിട്ടുണ്ട്. മാനസിക സമ്മർദ്ദം മൂലമാണ് ഇത് സംഭവിച്ചതെന്നാണ് റിപ്പോർട്ട് സൂചിപ്പിക്കുന്നത്. ഇന്ന് തിരുവനന്തപുരം, എറണാകുളം നഗരങ്ങളിൽ പൊതു നിരത്തുകളിൽ വാഹനങ്ങളുടെ തിരക്ക് അനുഭവപ്പെട്ടിരുന്നു. ഇങ്ങനെ വാഹനങ്ങളുടെ എണ്ണം കൂടുകയാണെങ്കിൽ കർശനമായ ക്രമീകരണങ്ങൾ നടത്തേണ്ടി വരും.

## വിദഗ്ദ്ധ സമിതി ചെയർ പേഴ്സൺ

കേരളത്തിൽ 14 സ്വകാര്യ ലാബുകളിൽ മോൾ ബയോ ടെസ്റ്റിംഗ് സൗകര്യം സജ്ജമായിട്ടുണ്ട്. ഇത് പെട്ടെന്ന് ചെയ്യാൻ കഴിയുന്ന ടെസ്റ്റാണ്. ഇതേ രീതിയിൽ ചെയ്യാൻ കഴിയുന്ന ജീൻ എക്സ്പ്രസ് എന്ന ഒരു ടെസ്റ്റ് കൂടി ഉണ്ട്. ജീൻ എക്സ്പ്രസ് ടെസ്റ്റ് 2 ജീനുകൾ ആണ് ടെസ്റ്റ് ചെയ്യുന്നത്. എന്നാൽ മോൾ ബയോ ഒരു ജീൻ മാത്രമാണ് ടെസ്റ്റ് ചെയ്യുന്നത് അതിനാൽ ഐ സി എം ആർ മോൾ ബയോ ടെസ്റ്റിനെ സ്ക്രീനിംഗ് ടെസ്റ്റ് മാത്രമായിട്ടാണ് കണക്കാക്കിയിരിക്കുന്നത്. ലാബിന് എന്തെല്ലാം സജ്ജീകരണങ്ങൾ വേണം എന്നതിനെ സംബന്ധിച്ച് ഐ സി എം ആർ കർശനമായ നിബന്ധനകളാണ് പുറപ്പെടുവിച്ചിരുന്നത്. എന്നാൽ ഇപ്പോൾ ഇത് നിബന്ധനകൾ ലഘൂകരിച്ചിട്ടുണ്ട്. ഇത് കൂടാതെ

സംസ്ഥാനം ഈ ലാബുകൾക്ക് ടെസ്റ്റിംഗിനായി അനുമതി നൽകേണ്ടതുണ്ട്. അനുമതിക്കായി ജില്ലാ മെഡിക്കൽ ഓഫീസറെയോ നോഡൽ ഓഫീസറെയോ സമീപിക്കുമ്പോൾ അനുമതി ലഭിക്കുന്നില്ല എന്ന പരാതി ഉയർന്നു വരുന്നുണ്ട്. ഇത് ആരോഗ്യ വകുപ്പ് പരിശോധിക്കണം. വ്യക്തി സുരക്ഷാ ഉപകരണങ്ങൾ  എൻ95 മാസ്കുകളും സർക്കാർ ആശുപത്രികളിലേക്ക് നൽകുന്നത് കെ എം എസ് സി എൽ ആണ്.  എന്നാൽ രോഗികളെ കൂടുതലായി ചികിത്സിക്കേണ്ടി വരുമ്പോൾ സ്വകാര്യ ആശുപത്രികളിലെ ആരോഗ്യ പ്രവർത്തകരും ഇവ ഉപയോഗിക്കേണ്ടി വരും. അതിനാൽ ധാരാളം കമ്പനികൾ വ്യക്തി സുരക്ഷാ ഉപകരണങ്ങൾ വിൽക്കുന്നതിനായി വരുന്നുണ്ട്. കേന്ദ്ര സർക്കാർ ഇത് സംബന്ധിച്ച കൃത്യമായ നിബന്ധനകൾ പറയുകയും ഇതിന്റെ ഉപയോഗക്ഷമത പരിശോധിക്കുന്നതിനായി ചില ഏജൻസികളെ ഏൽപിക്കുകയും ഈ ഏജൻസികളെ സമീപിച്ച് ഇവ നിർമ്മിച്ചിരിക്കുന്നത് ഇവരുടെ നിർദ്ദേശപ്രകാരമാണോ ഇത്തരം ഉപകരണങ്ങൾ നിർമ്മിച്ചിരിക്കുന്നത് എന്ന സാക്ഷ്യപത്രം ഉള്ള കമ്പനികൾ മാത്രമേ കേരളത്തിൽ ഇവ വിൽക്കാൻ അനുവദിക്കാവൂ. ഇത് പരിശോധിക്കുന്നതിനായി കെ എം എസ് സി എൽ നെ ചുമതലപ്പെടുത്താവുന്നതുമാണ്. രോഗവ്യാപനം കണ്ടെത്തുന്നതിനായി സംസ്ഥാന തലത്തിൽ ടെസ്റ്റിംഗ്  ആരംഭിക്കുന്ന  ആദ്യത്തെ സംസ്ഥാനം കേരളമാണ്. ഇതിനായുള്ള ടെസ്റ്റ് കിറ്റുകൾ ലഭ്യമായിട്ടുണ്ട്. എന്നാൽ ഐ സി എം ആർ  അഖിലേന്ത്യാ തലത്തിൽ ഒരു പഠനം ആരംഭിക്കുന്നുണ്ട് ഇതിനായി അവർ 22 ജില്ലകളാണ് തിരഞ്ഞെടുത്തിട്ടുള്ളത്. ഇതിൽ 2 ജില്ലകൾ കേരളത്തിൽനിന്നാണ്. ആന്റീബോഡി ടെസ്റ്റ് കിറ്റുകൾ ഉപയോഗിച്ചാണ് ഐ സി എം ആറും ഈ പഠനം നടത്തുന്നത്.  പാലക്കാട്, തൃശ്ശൂർ ജില്ലകളെയാണ് ഐ സി എം ആർ  ഇതിനായി തിരഞ്ഞെടുത്തിട്ടുള്ളത്. 40 ക്ലസ്റ്ററുകളിൽ 10 ആളുകളെ വീതമാണ് ഇതിനായി അവർ തിരഞ്ഞെടുക്കുന്നത്. ഐ സി എം ആർ നടത്തുന്നത് അഖിലേന്ത്യാതലത്തിൽ രോഗവ്യാപനം നടന്നിട്ടുണ്ടോ എന്ന് പഠിക്കുന്നതിനായാണ്.

പൂൾ ടെസ്റ്റ് എന്നത് എന്താണെന്ന മുഖ്യമന്ത്രിയുടെ ചോദ്യത്തിന് മറുപടിയായി ഒരു കൂട്ടം ആളുകളുടെ സാമ്പിളുകൾ ഒരുമിച്ച് ചെയ്യുന്നതിനെയാണ് പൂൾ ടെസ്റ്റ് എന്ന് പറയുന്നത്.  എന്നാൽ ഇതിൽ ഏതെങ്കിലും സാമ്പിൾ പോസിറ്റീവ് വന്നാൽ ടെസ്റ്റിംഗ് ആവർത്തിക്കേണ്ടിവരും. രോഗവ്യാപനം ഉണ്ടെങ്കിൽ മാത്രമേ ഈ ടെസ്റ്റ് ചെയ്യേണ്ടതുള്ളൂ എന്നും വിദഗ്ദ്ധ സമിതി ചെയർപേഴ്സൺ അറിയിച്ചു.

ആലപ്പുഴ വൈറോളജി ലാബിൽ  പരീക്ഷണാടിസ്ഥാനത്തിൽ പൂൾ ടെസ്റ്റിംഗ്  നടത്തിയിരുന്നു എന്ന് ബഹു. ആരോഗ്യ വകുപ്പ് മന്ത്രി അറിയിച്ചു.

പ്ലാസ്മ തെറാപ്പി നടപ്പാക്കുന്നതിനുള്ള തയ്യാറെടുപ്പ് ഉണ്ടായിട്ടുണ്ടോ എന്ന ബഹു. മുഖ്യമന്ത്രിയുടെ ചോദ്യത്തിന് മറുപടിയായി തിരുവനന്തപുരം മെഡിക്കൽ കോളേജിൽ ഇതിനായി നോഡൽ ഓഫീസറെ നിയമിച്ചിട്ടുണ്ടെന്നും ഐ സി എം ആർ ന്റെയും ഡ്രഗ്സ് കൺട്രോളറുടെയും അനുമതിക്കായി സമീപിച്ചിട്ടുണ്ടെന്നും വിദഗ്ദ്ധ  സമിതി ചെയർപേഴ്സൺ അറിയിച്ചു.

ആന്റീബോഡി ടെസ്റ്റ് ഏപ്പോൾ ആരംഭിക്കാൻ സാധിക്കും എന്ന മുഖ്യമന്ത്രിയുടെ ചോദ്യത്തിന് മറുപടിയായി  ഇന്ന് ആന്റീബോഡീ ടെസ്റ്റ് കിറ്റിന്റെ ഉപയോഗക്ഷമത പരിശോധിക്കുന്നതിനുള്ള ടെസ്റ്റിംഗ് ആരംഭിച്ചു എന്നും കാസർഗോഡ്, കണ്ണൂർ,  കോഴിക്കോട്, മല

പ്പുറം ജില്ലകളിൽ ടെസ്റ്റിംഗ് ആരംഭിക്കുന്നതിനായി കിറ്റുകൾ നാളെ അയച്ചുകൊടുക്കും എന്നും ആരോഗ്യ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി അറിയിച്ചു. കൂടാതെ ഐ സി എം ആർ പുതിയ സ്പെസിഫിക്കേഷൻ അറിയിച്ചിട്ടുണ്ട്. പി സി ആർ ടെസ്റ്റ് ചെയ്യുന്നതിന് യോഗ്യതയുള്ള സ്വകാര്യ ലാബുകൾക്ക് ട്രൂനാറ്റ് ടെസ്റ്റുകൾ ചെയ്യാവുന്നതാണ്. അല്ലെങ്കിൽ ഇതിനായുള്ള മാനദണ്ഡങ്ങൾ ഉള്ള ലാബുകൾക്ക് മാത്രമേ ഇത് ചെയ്യാൻ സാധിക്കൂ. ഐ സി എം ആർ ബയോസേഫ്റ്റി ലെവലിന്റെ കാര്യത്തിൽ മാറ്റമൊന്നും വരുത്തിയിട്ടില്ല. കൂടാതെ ഐ സി എം ആർ ന്റെ മാനദണ്ഡങ്ങളെ അടിസ്ഥാനമാക്കി ആരോഗ്യ വകുപ്പ് ജില്ലകൾക്ക് നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട് എന്നും ആരോഗ്യ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി അറിയിച്ചു.

കെ എം എസ് സി എൽ ആണ് സർക്കാർ ആശുപത്രികൾക്ക് ആവശ്യമായ മെഡിക്കൽ അനുബന്ധ ഉപകരണങ്ങൾ വാങ്ങുന്നത്. അതിനാൽ ഇവരെ തന്നെ വ്യക്തി സുരക്ഷാ ഉപകരണങ്ങളുടെയും ഉപയോഗക്ഷമത പരിശോധിക്കുന്നതിനായി ചുമതലപ്പെടുത്തുന്നത് ശരിയാകും എന്ന് തോന്നുന്നില്ല. കേന്ദ്ര സർക്കാർ നിർദ്ദേശിച്ചിട്ടുള്ള മാനദണ്ഡങ്ങളനുസരിച്ച് വ്യക്തി സുരക്ഷാ ഉപകരണങ്ങൾ നിർമ്മിച്ച കമ്പനികളുടെ പട്ടിക കെ എം എസ് സി എൽ വഴി പ്രസിദ്ധീകരിക്കും. ഇങ്ങനെ പ്രസിദ്ധീകരിച്ച കമ്പനികളിൽ നിന്ന് സ്വകാര്യ ആശുപത്രികൾക്ക് ഇവ വാങ്ങാൻ അനുവദിക്കുന്നതാവും ഉചിതം. എന്നാൽ ഇത് പരിശോധിക്കാം എന്നും ആരോഗ്യ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി അറിയിച്ചു.

## സിവിൽ സപ്ലൈസ്

പി എം ജി കെ വൈ സൗജന്യറേഷൻ നൽകുന്നത് ആരംഭിച്ചിട്ടുണ്ട്. ഇന്നും നാളെയും എ എ വൈ ഉപഭോക്താക്കൾക്കാണ് ഏപ്രിൽ 26-ാം തീയതിയോടെ സൗജന്യ റേഷൻ വിതരണം പൂർത്തിയാക്കാൻ സാധിക്കും. ഏപ്രിൽ 27 മുതൽ പി എച്ച് എച്ച് ഉപഭോക്താക്കൾക്കുള്ള പലവ്യഞ്ജന കിറ്റ് നൽകാൻ സാധിക്കും അരി 66 ദിവസത്തേക്ക് ആവശ്യമായത് സ്റ്റോക്കുണ്ട്. ആട്ട 136 ദിവസത്തേക്കും, പയറു വർഗ്ഗങ്ങൾ 10 ദിവസത്തേക്കും, ഉള്ളി 4 ദിവസത്തേക്കും, പഞ്ചസാര 13 ദിവസത്തേക്കും, ഉപ്പ് 11 ദിവസത്തേക്കും, ഭക്ഷ്യ എണ്ണ 6 ദിവസത്തേക്കും ആവശ്യമായ സ്റ്റോക്കുണ്ട്. 762 പരിശോധനകൾ നടത്തി 152 ക്രമക്കേടുകൾ കണ്ടുപിടിച്ചു.

**മേൽപ്പറഞ്ഞ വിഷയങ്ങളിൽ വിശദമായ ചർച്ചയ്ക്കു ശേഷം മുഖ്യമന്ത്രി അദ്ദേഹത്തിന്റെ തീരുമാനം യോഗത്തെ അറിയിച്ചു.**

1. ഇന്നൊരു പ്രത്യേക ദിനമാണല്ലോ. നിയന്ത്രണങ്ങളിൽ ഇളവ് വന്നത് കൊണ്ട് പല ജില്ലകളിലും നിരത്തിലെ വാഹനത്തിന്റെ എണ്ണം ക്രമാതീതമായി വർദ്ധിച്ചിരിക്കുന്നതായും, ചിലയിടങ്ങളിൽ ബസ്സുകൾ നിരത്തിലിറക്കിയതായും കാണുന്നു. തിരുവനന്തപുരം ജില്ലയിലാണ് ഇത് സംഭവിച്ചത്. 80-100 ആൾക്കാരെ കയറ്റി മെഡിക്കൽ കോളേജിലേക്ക് ബസ്സ് പോയി. ഇത് പാടില്ല. പൊതുവിൽ ബസ്സ് ഓടാൻ അനുമതി നൽകിയിട്ടില്ല. സ്വകാര്യ സ്ഥാപനങ്ങൾക്ക് അവരുടെ സ്ഥാപനങ്ങളിലേക്ക് ജീവനക്കാരെ കൊണ്ട് വരാൻ വാഹനങ്ങൾ ഉപയോഗിക്കാം. എന്നാൽ സുരക്ഷാ മാനദണ്ഡങ്ങൾ പാലിക്കണം. **(ചുമതല - ഗതാഗത, ആഭ്യന്തര വകുപ്പ്)**

2. ബാങ്കുകൾ അവരുടെ എല്ലാ ജീവനക്കാരോടും വരണമെന്ന് പറഞ്ഞിട്ടുണ്ട്. എന്നാൽ ലോക് ഡൗൺ നിർദ്ദേശങ്ങൾ നിലവിലുള്ള ജില്ലകളിൽ അതിനനുസരിച്ചുള്ള ക്രമീകരണങ്ങൾ ബാങ്കുകൾ നടത്തണം. **(ചുമതല - ധനകാര്യ വകുപ്പ്)**
3. സർക്കാർ ഓഫീസുകൾ അവരുടെ പ്രവർത്തനം സംബന്ധിച്ച് കാര്യങ്ങൾ ക്രമീകരിച്ചിട്ടുണ്ട്. തൊട്ടടുത്ത ജില്ലകളിൽ ഉള്ളവർക്ക് സ്വന്തം വാഹനത്തിൽ വരാൻ അനുമതി നൽകാവുന്നതാണ്. എന്നാൽ ഹാജർ രേഖപ്പെടുത്തുന്ന കാര്യത്തിലെ അവ്യക്തത നീക്കണം. **(ചുമതല - ആഭ്യന്തരം, പൊതുഭരണ വകുപ്പ്)**
4. കാർഷിക രംഗവുമായി ബന്ധപ്പെട്ട കാര്യങ്ങൾ നിർവ്വഹിക്കുന്നതിൽ തടസ്സമില്ല. **(ചുമതല കാർഷിക വകുപ്പ്)**
5. പൊന്നാനി തുറമുഖത്ത് ഒരു മാസമായി ബോട്ടിൽ ആളുകൾ കുടുങ്ങി കിടക്കുന്നുണ്ട് എന്ന് വിവരമുണ്ട്. ഇത് പരിശോധിക്കണം. **(ചുമതല - ആഭ്യന്തര വകുപ്പ്)**
6. മലപ്പുറം കാളികാവ് 4 സെന്റ് കോളനിയിൽ, പദ്ധതിസ്ഥലത്ത് താമസിക്കുന്ന 80 പേർക്ക് ഭക്ഷണം ലഭിക്കുന്നതിന് കുറവുണ്ട് എന്ന വിവരം ലഭിച്ചിട്ടുണ്ട്. ഇവർക്ക് സൗജന്യറേഷൻ, പലവ്യഞ്ജനം എന്നിവ ലഭിച്ചിട്ടുണ്ടോ എന്ന് പരിശോധിക്കണം. **( ചുമതല - ഭക്ഷ്യ വകുപ്പ്, തദ്ദേശസ്വയം ഭരണ വകുപ്പ്)**
7. മൈസ്സൂരിൽ ചികിത്സയ്ക്ക് പോയ ഭിന്നശേഷിക്കാരായ കുട്ടികൾ അമ്മമാരോടൊപ്പം കുടുങ്ങികിടക്കുന്നു എന്ന വിവരം ലഭിച്ചിട്ടുണ്ട്. ഈ കാര്യം പരിശോധിക്കണം. **(ചുമതല - ആഭ്യന്തര വകുപ്പ്)**
8. ഡൽഹിയിൽ പഠിക്കുന്ന മലയാളി വിദ്യാർത്ഥികൾ താമസ വാടക നൽകിയില്ലെങ്കിൽ ഉടമകൾ ഇറക്കി വിടുമെന്ന് ഭീഷണിപ്പെടുത്തുന്നുവെന്ന് മൈത്രി എന്ന അവരുടെ സംഘടന വഴി സംസ്ഥാനത്തെ അറിയിച്ചിട്ടുണ്ട്. ഇത് ഡൽഹി സർക്കാരിനെ ചീഫ് സെക്രട്ടറി വഴി അറിയിക്കണം. **(ചുമതല - ചീഫ് സെക്രട്ടറി)**
9. മെഡിക്കൽ സ്റ്റോറുകളിൽ ഇൻസുലിൻ ലഭ്യത ഉറപ്പു വരുത്തുന്നതിനുള്ള നടപടി സ്വീകരിക്കണം. **(ചുമതല - ആരോഗ്യ വകുപ്പ്)**
10. ഹൈക്കോടതി ഒരു കേസ്സ് സ്വമേധയാ എടുത്തിട്ടുണ്ട്. വഴിയോര കച്ചവടക്കാരുടെ സാമ്പത്തിക സഹായവും ആയി ബന്ധപ്പെട്ടാണ്. എന്നാൽ സംസ്ഥാനം ഓരോ വിഭാഗത്തിനും പ്രത്യേകം അല്ലാതെ തന്നെ, എല്ലാ വിഭാഗങ്ങളെയും പരിഗണിച്ച് ഒരുകൂട്ടർക്ക് ക്ഷേമനിധിയിലൂടെ കൊടുക്കാൻ കഴിയുന്ന ആനുകൂല്യം നൽകുകയും, ബാക്കി ഉള്ളവർക്ക് സംസ്ഥാനത്തിന്റെ ഭാഗത്ത് നിന്നും സഹായം നൽകും എന്നും പ്രഖ്യപിച്ചിട്ടുണ്ട്. എന്നാൽ ഇതിനായുള്ള ഉത്തരവ് ഇതുവരെ ഇറങ്ങിയിട്ടില്ല. താമസിയാതെ ഈ ഉത്തരവ് ഇറങ്ങും എന്നു തന്നെയാണ്. അങ്ങനെയായാൽ, ബഹു.ഹൈക്കോടതിയോട് ഇതു പറയുകയും ചെയ്യാം. **(ചുമതല - ധനകാര്യ, നിയമ വകുപ്പ്)**
11. റോഡുകൾ, ജലസേചനം എന്നിവയ്ക്കുള്ള പ്രവർത്തനങ്ങൾക്ക് മുൻഗണന നൽകേണ്ടതുണ്ട്. നദികളിലെ എക്കൽ മാറ്റുന്നതിനുള്ള കാര്യങ്ങൾ നാം നേരത്തെ തീരുമാനിച്ചിരുന്നതാണ്. ഡാമുകളിൽ നിന്നും ഇത് നീക്കുന്ന കാര്യവും ഉടനടി ചെയ്യേണ്ടതാണ്. **(ചുമതല - പി ഡബ്ല്യൂ ഡി, ജലസേചന വകുപ്പ്)**
12. എസ് എൽ ബി സി കൺവീനർ കോട്ടക്ക് മഹീന്ദ്ര ആറ്റിങ്ങൽ ശാഖ ബാങ്ക് മാനേജർക്ക് പോലീസിൽ നിന്നും ദുരനുഭവം നേരിടേണ്ടി വന്നു എന്ന് പരാതി

പറഞ്ഞിട്ടുണ്ട്. ഇദ്ദേഹം ജില്ല കടന്ന് വരുന്നതിനാൽ ക്വാറന്റൈനിൽ പോകേണ്ടി വരും എന്ന് പോലീസ് അറിയിച്ചതായാണ് പരാതി. അവശ്യ സർവീസിൽ പ്പെടുന്നവരെ തടയരുതെന്ന് പോലീസ് ശ്രദ്ധിക്കണം. **(ചുമതല - ആഭ്യന്തര വകുപ്പ്)**

13. കിളിമാനൂരിലെ ഒരു ഡോക്ടറെ തഹസിൽദാർ തടഞ്ഞതായി പരാതിയുണ്ട്. ഇത് പരിശോധിക്കണം. **(ചുമതല - ആഭ്യന്തര വകുപ്പ്)**
14. സ്റ്റാമ്പ് വെണ്ടർമാർക്കു കൂടി ഇളവ് അനുവദിക്കേണ്ടത് പരിശോധിക്കണം. **(ചുമതല - പൊതുഭരണ വകുപ്പ്)**
15. ചരക്കു വാഹനങ്ങളുടെ വരവ് നന്നായി പരിശോധിക്കണം, പഞ്ചസാര, ചെറിയ ഉള്ളി, ഉരുളക്കിഴങ്ങ് എന്നിവയുടെ വരവ് കൃത്യമായി നിരീക്ഷിക്കണം. **(ചുമതല - പൊതുഭരണം, ഭക്ഷ്യ വകുപ്പ്)**
16. കമ്മ്യൂണിറ്റി കിച്ചൻ പ്രവർത്തനം കൃത്യമായി നടക്കുന്നു എന്ന് ഉറപ്പ് വരുത്തണം, പത്തനംതിട്ട കലഞ്ഞൂരിൽ ഫണ്ട് ഇല്ലാത്തതിനാൽ പ്രവർത്തനം നടക്കുന്നില്ല എന്ന് വിവരമുണ്ട്. ഇത് പരിശോധിക്കണം. ഇവിടത്തെ സി ഡി എസ് ചെയർ പേഴ്സൺ ശബ്ദസന്ദേശത്തിലൂടെ നൽകിയ നിർദ്ദേശങ്ങളും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അവിടെ എന്തെങ്കിലും ബുദ്ധിമുട്ടുണ്ടോ എന്ന കാര്യം പരിശോധിക്കണം. **(ചുമതല - തദ്ദേശസ്വയം ഭരണ വകുപ്പ്)**
17. ബ്ലഡ് ബാങ്കുകളിൽ രക്തദാതാക്കളുടെ എണ്ണത്തിൽ കുറവുണ്ട് എന്ന കാര്യം പരിശോധിക്കണം. ഇതിനായി എൻ സി സി, എൻ എസ് എസ് എന്നിവരെ ഉപയോഗപ്പെടുത്തണം. അതോടൊപ്പം രക്തദാതാക്കളുടെ യാത്രാ സമ്പർക്ക വിവരങ്ങളും ദേശീയ ബ്ലഡ് ട്രാൻസ്ഫ്യൂഷൻ കൗൺസിൽ മാർഗ്ഗ നിർദ്ദേശം അനുസരിച്ച് ചോദിച്ച് മനസ്സിലാക്കി രേഖപ്പെടുത്തി വയ്ക്കേണ്ടതാണ്. **(ചുമതല - ആരോഗ്യ വകുപ്പ്)**
18. എസ് സി, എസ് ടി കോളനികളുടെ കാര്യത്തിൽ പ്രത്യേക ശ്രദ്ധ വേണം. **(ചുമ തല - എസ് സി എസ് ടി വകുപ്പ്)**
19. തമിഴ്നാട്ടിൽ നിന്നും മറ്റും കാൽനടയായി ആൾക്കാർ കേരളത്തിലേക്ക് വരുന്നത് കൃത്യമായി നിരീക്ഷിക്കണം. എങ്ങനെ കേരളത്തിലേക്ക് കടക്കാം എന്ന മാർഗ നിർദ്ദേശങ്ങളടങ്ങിയ വാട്ട്സ് ആപ്പ് സന്ദേശം പ്രചരിക്കുന്നതായും കാണുന്നു. ബാംഗ്ലൂർ ഹോട്ടൽ നടത്തുന്ന മലയാളികൾ കേരളത്തിലെത്തിയെന്ന വിവരമുണ്ട്. ഇത് പരിശോധിക്കണം. **(ചുമതല - ആഭ്യന്തര വകുപ്പ്)**
20. കർണ്ണാടകയിലെ രോഗബാധ സ്ഥിരീകരിച്ച സ്ഥലമായ മിറ്റ്ലായിൽ നിന്നും ഊടുവഴികൾ വഴി എൻമകജെ പഞ്ചായത്തിലേക്ക് ആളുകൾ എത്തുന്നതായി വിവരമുണ്ട്. ഇടുക്കിയിലെ കാട്ടുപാതകൾ വഴി ആളുകൾ കേരളത്തിലേയ്ക്ക് എത്തുന്നതായും വിവരമുണ്ട്. ഇത് പരിശോധിക്കണം. **(ചുമതല - ആഭ്യന്തര വകുപ്പ്)**
21. വളാഞ്ചേരിയിൽ 600 ഓളം അതിഥി തൊഴിലാളികളെ ഒരു നിർമ്മാണ കമ്പനി ആവശ്യമായ വൈദ്യുതി, ജല സൗകര്യങ്ങളില്ലാതെ പാർപ്പിച്ചിരിക്കുന്നതായി വിവരമുണ്ട്. ഇത് പരിശോധിക്കണം. **(ചുമതല - ആഭ്യന്തരം, തദ്ദേശസ്വയം ഭരണ വകുപ്പ്)**
22. അതിഥി തൊഴിലാളികൾ ഉള്ള ഇടങ്ങളിലെല്ലാം ഭക്ഷണവും മറ്റു സൗകര്യങ്ങളും കൃത്യമായി ലഭിക്കുന്നു എന്നുറപ്പ് വരുത്തണം. മൊബൈൽ ചാർജ്ജിങ്ങിനുള്ള സൗകര്യവും ഉറപ്പു വരുത്തണം. ഇത് പരിശോധിക്കണം. **(ചുമതല - തദ്ദേശസ്വയം ഭരണ വകുപ്പ്)**

23. ഹോട്ട് സ്പോട്ട് ഉള്ള ജില്ലകളിൽ അടക്കം വാഹനനിര വർദ്ധിക്കുന്നത് പോലീസ് നിയന്ത്രിക്കേണ്ടതാണ്. **(ചുമതല - ആഭ്യന്തര വകുപ്പ്)**
24. ഡെങ്കിപ്പനി പടരുന്ന അവസ്ഥ ഉണ്ടോ എന്ന് പരിശോധിക്കണം. **(ചുമതല - ആരോഗ്യ വകുപ്പ്)**
25. ലോഡ് ഇറക്കുന്നതുമായി ബന്ധപ്പെട്ട ചില ഇടങ്ങളിൽ തർക്കങ്ങൾ നടക്കുന്നു. പോലീസ് ഇതു പരിശോധിക്കണം. **(ചുമതല - ആഭ്യന്തര വകുപ്പ്)**
26. റമദാൻ മാസം വരുന്നതിനാൽ പള്ളികളിൽ ആളുകൾ കൂടുന്ന സാഹചര്യം ഉണ്ടാകാൻ സാധ്യതയുണ്ട്. ഇത് ഒഴിവാക്കണമെന്ന് നമുക്ക് അവരോട് അഭ്യർത്ഥന നടത്താം. **(ചുമതല - ആഭ്യന്തര വകുപ്പ്)**
27. മത്സ്യബന്ധന മേഖലയിൽ ലേലം നടത്തുന്നതിന് പകരം തുറമുഖ കമ്മിറ്റി വില നിശ്ചയിച്ച് വിൽപ്പന നടത്തണമെന്നാണ് നിർദ്ദേശിച്ചിട്ടുള്ളത്. എന്നാൽ വിഴിഞ്ഞത്ത് ഇത് നടക്കുന്നില്ല. അവിടെ വർഗ്ഗീയ പ്രശ്നങ്ങൾ ഉണ്ടാകുന്നില്ലാ എന്ന് ഉറപ്പു വരുത്തണം. മാത്രമല്ല മത്സ്യബന്ധനം നടത്തുന്നവർക്ക് തുറമുഖ കമ്മിറ്റി നിശ്ചയിക്കുന്ന വിലക്കു മാത്രമേ നൽകാനാകൂ. **(ചുമതല - ഫിഷറീസ്, ആഭ്യന്തര വകുപ്പ്)**
28. കൊറിയർ സേവനം ഇല്ലാത്തതിനാൽ മരുന്നുകൾ എത്തിക്കാൻ ബുദ്ധിമുട്ടുണ്ട്. ഇത് പരിശോധിക്കണം. **(ചുമതല - ബന്ധപ്പെട്ട വകുപ്പുകൾ)**
29. 108 ആംബുലൻസ് സേവനങ്ങളിൽ പ്രശ്നങ്ങൾ ഒന്നുമില്ലാ എന്നു ഉറപ്പു വരുത്തണം. **(ചുമതല - കെ എം എസ് സി എൽ)**
30. ജയിലിൽ നിന്ന് ആളുകളെ പുറത്തിറക്കിയിട്ടുണ്ട്. അതിൽ മോഷ്ടാക്കളുമുണ്ട് എന്നതിനാൽ പോലീസ് കൂടുതൽ ജാഗ്രത പാലിക്കണം. **(ചുമതല - ആഭ്യന്തര വകുപ്പ്)**
31. ബാർബർ ഷോപ്പുകൾ തുറന്ന് പ്രവർത്തിക്കുന്നത് സംബന്ധിച്ച് ബഹുമാനപ്പെട്ട മുഖ്യമന്ത്രി എല്ലാവരോടും അഭിപ്രായമാരാഞ്ഞു. ഇപ്പോൾ അനുവദിക്കാതിരിക്കുന്നതാണ് നല്ലതെന്ന് ഡി ജി പി യും, അഡീഷണൽ ചീഫ് സെക്രട്ടറിയും (ആഭ്യന്തരം) അഭിപ്രായപ്പെട്ടു. മാത്രമല്ല വീടുകളിൽ പോയി അവർക്ക് സേവനം നൽകുന്നത് ആലോചിക്കാമെന്നും അഡീഷണൽ ചീഫ് സെക്രട്ടറി ആഭ്യന്തരം അറിയിച്ചു. എങ്ങനെ ആരോഗ്യകരമായ സ്വഭാവങ്ങൾ കൂടുതലും കുട്ടികൾ വഴി സ്വായത്തമാക്കുവാൻ സാധിക്കും എന്ന് പരിശോധിക്കണം എന്ന് ഫയർ ആന്റ് റെസ്ക്യൂ ഡയറക്ടർ പറഞ്ഞു. വിശദമായ ചർച്ചയ്ക്ക് ശേഷം വിദഗ്ദ്ധർക്ക് വ്യത്യസ്ത അഭിപ്രായമുള്ളതിനാൽ മറ്റൊരു അറിയിപ്പ് ഉണ്ടാകുന്നതുവരെ ബാർബർ ഷോപ്പ് തുറക്കേണ്ടതില്ലെന്ന് ബഹു. മുഖ്യമന്ത്രി അറിയിച്ചു. **(ചുമതല - പൊതുഭരണം വകുപ്പ്)**
32. ഇനി 3-ാം തീയതി വരെ എല്ലാ ദിവസവും പത്രസമ്മേളനം നടത്താമെന്ന് അദ്ദേഹം പറഞ്ഞു
33. 23 - ാം തീയതി ഇനി മുഖ്യമന്ത്രിയുടെ അവലേകന യോഗം നടത്താമെന്ന് അദ്ദേഹം പറഞ്ഞു.

യോഗം 5.30 ന് അവസാനിച്ചു

## അനുബന്ധം 1

അദ്ധ്യക്ഷൻ: ബഹു. മുഖ്യമന്ത്രി

പങ്കെടുത്തവർ:

1. ബഹു. ആരോഗ്യ സാമൂഹ്യക്ഷേമ വകുപ്പ് മന്ത്രി
2. ബഹു. റവന്യൂ വകുപ്പ് മന്ത്രി
3. ചീഫ് സെക്രട്ടറി
4. അഡീഷണൽ ചീഫ് സെക്രട്ടറി, ആഭ്യന്തര വകുപ്പ്
5. സ്റ്റേറ്റ് പോലീസ് ചീഫ്
6. അഡീഷണൽ ചീഫ് സെക്രട്ടറി, ധനകാര്യ വകുപ്പ്
7. അഡീഷണൽ ചീഫ് സെക്രട്ടറി കാർഷിക വികസനം
8. അഡീഷണൽ ചീഫ് സെക്രട്ടറി റവന്യൂ വകുപ്പ്
9. അഡീഷണൽ ചീഫ് സെക്രട്ടറി വനം വകുപ്പ്
10. അഡീഷണൽ ചീഫ് സെക്രട്ടറി ലേബർ വകുപ്പ്
11. അഡീഷണൽ ചീഫ് സെക്രട്ടറി പൊതുമരാമത്ത് വകുപ്പ്
12. ഡയറക്ടർ ജനറൽ ഫയർ ആന്റ് റസ്ക്യൂ
13. പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്
14. പ്രിൻസിപ്പൽ സെക്രട്ടറി, ഉന്നത വിദ്യാഭ്യാസം
15. പ്രിൻസിപ്പൽ സെക്രട്ടറി, ഗതാഗതം
16. പ്രിൻസിപ്പൽ സെക്രട്ടറി, ആരോഗ്യ വകുപ്പ്
17. പ്രിൻസിപ്പൽ സെക്രട്ടറി, പൊതുഭരണ വകുപ്പ്
18. അഡീഷണൽ ഡി ജി പി ഇന്റലിജൻസ്
19. സെക്രട്ടറി, ധനകാര്യം
20. സെക്രട്ടറി, ഊർജ്ജ വകുപ്പ്
21. സെക്രട്ടറി, ടൂറിസം വകുപ്പ്
22. സെക്രട്ടറി, ഭക്ഷ്യ പൊതുവിതരണ വകുപ്പ്
23. സെക്രട്ടറി, വ്യവസായ വകുപ്പ്
24. സ്റ്റേറ്റ് മിഷൻ ഡയറക്ടർ, ദേശീയ ആരോഗ്യ മിഷൻ
25. മുഖ്യമന്ത്രിയുടെ സെക്രട്ടറി
26. ചെയർ പേഴ്സൺ, എക്സ്പെർട്ട് കമ്മിറ്റി
27. ഡി ജി ഇ, തിരുവനന്തപുരം
28. മെമ്പർ സെക്രട്ടറി, ദുരന്ത നിവാരണ അതോറിറ്റി
29. മറ്റുള്ളവർ